# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :907 11.07.2016 ൽ മറുപടിയ്ക്ക്

## അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണം

ചോദ്യം — **ശ്രീ.എ.എം. ആരിഫ്**

മറുപടി — **ശ്രീ.ഇ. ചന്ദ്രശേഖരൻ** **(റവന്യൂ ഭവനനിർമ്മാണ വകുപ്പ് മന്ത്രി)**

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | അരൂർ മണ്ഡലത്തിലെ അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി ഭൂമി ആഭ്യന്തര വകുപ്പിനു കൈമാറുന്നതിനുള്ള ഫയൽ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; എന്നാണ് ഈ ഫയൽ റവന്യൂ വകുപ്പിന് ലഭിച്ചത്; വിശദമാക്കുമോ; | (എ),(ബി),(സി),(ഡി) &(ഇ)<br><br>ചേർത്തല താലൂക്കിൽ അരൂർ വില്ലേജിൽ സർവ്വെ.നം. 36/8 ൽ പെട്ട 24 സെന്റ് ഭൂമി അരൂർ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുവദിക്കുന്നതിനുള്ള ഫയൽ 19/08/11 ൽ ആഭ്യന്തര വകുപ്പിൽ നിന്നും ലഭിച്ചിരുന്നു. BTR പ്രകാരം പ്രസ്തുത ഭൂമി കുളം പുറമ്പോക്കാണ്. നെൽവയൽ തണ്ണീർത്തട നിയമപ്രകാരം പ്രസ്തുത ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് കൃഷി വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഭൂമി കൈമാറ്റ നിർദ്ദേശം സമർപ്പിക്കുവാൻ ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമായാലുടൻ തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള ക്യാബിനറ്റ് തീരുമാനം ആയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | |
| (സി) | ഭൂമി ആഭ്യന്തര വകുപ്പിന് കൈമാറുന്നതിന് എന്തെങ്കിലും നിയമ തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ; | |
| (ഡി) | ഈ ഫയലിന്മേൽ ക്യാബിനറ്റ് തീരുമാനം ഉണ്ടാകാൻ താമസം വന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | |
| (ഇ) | ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ